**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **08-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ വിവിധ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ , കുടുംബ ക്ഷേമ കേന്ദ്രങ്ങൾ, ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രം, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; | (എ) | (see table below) |

| ക്രമം നം | ഒഴിവുള്ള സ്ഥാപനം | തസ്തിക / ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | പി.എച്ച്.സി പൂക്കോട്ടൂർ | അസിസ്റ്റന്റ് സർജൻ -1 | സ്ഥലമാറ്റം ആരോഗ്യവകുപ്പ് ഡയറക്ടേറ്റ് മുഖേന നിയമനം നടത്തുന്നതാണ്. |
| | | ഹെൽത്ത് സൂപ്പർവൈസർ -1 | സ്ഥലമാറ്റം സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -1 | അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| | | പബ്ലിക് ഹെൽത്ത് നേഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | പി.എച്ച്.സി തൃപ്പനച്ചി (പുൽപ്പറ്റ) | ഹെൽത്ത് ഇൻസ്പെക്ടർ -1 | സ്ഥലമാറ്റം സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / അഡ്ഹോക്ക് എന്നിവ മുഖേന ഓരോ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| 3 | ടി .എച്ച്.ക്യൂ .എച്ച്.മലപ്പുറം | സ്റ്റാഫ് നേഴ്സ് -1 | പി.എസ്.സി മുഖേന നിയമനം നടത്തുന്നതാണ് |
| | | ക്ലാർക്ക് ടൈപ്പിസ്റ്റ് **-1** | പി.എസ്.സി-യ്ക്ക്<br><br>റിപ്പോർട്ട് ചെയ്തിട്ടിണ്ട്. |
| | | നഴ്സിംഗ് അസിസ്റ്റന്റ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | എംപ്ലോയ്മെന്റ്സ്ഥാനക്കയറ്റം മുഖേന ഒഴിവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | | |

| | | | |
|---|---|---|---|
| | | പബ്ലിക് ഹെൽത്ത് നേഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | റേഡിയോഗ്രാഫർ -3 | പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | പി എച്ച് സി കോഡൂർ | ക്ലാർക്ക് -1 | നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | എംപ്ലോയ്മെന്റ്എക്സ്ചേഞ്ച് / സ്ഥാനക്കയറ്റ മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / അഡ്ഹോക്ക് എന്നിവ മുഖേന ഓരോ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| 5 | പി എച്ച് സി ആനക്കയം | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| | | പബ്ലിക് ഹെൽത്ത് നേഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ബി) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം ജില്ലാ ആശുപത്രികൾ മുതലാണ് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകി വരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ നിന്ന് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിന് തിരൂർ ജില്ലാ ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സർക്കാർ കത്ത് നമ്പർ എം1/252/2021-ഹെൽത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ടിന്മേലും 02/12/2022 തീയതിയിലെ പി. എൽ. എ 2/13064/2020/ ആ.വ.ഡ നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൻമേലും സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ; | (സി) | ആർദ്രം മാനദണ്ഡ പ്രകാരം ഫോറൻസിക് സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാ ആശുപത്രികൾ മുതലാണ് നൽകി വരുന്നത്. ആയതിനാൽ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയില്ല. |
| (ഡി) | മലപ്പുറം ആനക്കയം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടി ആരംഭിക്കുന്നത് സംബന്ധിച്ച് 19.11.2018 ൽ സമർപ്പിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പുതിയ കേന്ദ്രം ഉടൻ അനുവദിക്കുമോ;വിശദമാക്കാമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം നിലവിലെ പി.എച്ച്.സികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ആയതിന്റെ ഭാഗമായി ആനക്കയം പഞ്ചയാത്തിലെ ആനക്കയം പ്രാഥമികാരോഗ്യകേന്ദ്രത്തിനെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പുതിയ പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ